റിപ്പോർട്ട് സമർപ്പണം

2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച
സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, തദ്ദേശ സ്വയംഭരണം, ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX -ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ 2013-ലെ കേരള മുനിസിപ്പാലിറ്റി (നാലാം ഭേദഗതി) ബില്ലിനെ സംബന്ധിച്ചുള്ള ശുപാർശകളിന്മേലുള്ള റിപ്പോർട്ട് സമർപ്പിക്കുന്നു.

2013-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, 2013-ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബില്ലും XI-ാം നമ്പർ വിഷയ നിർണ്ണയ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ എട്ട് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ എട്ട് മുതൽ പത്ത് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: നിങ്ങൾ രണ്ടുമൂന്ന് ദിവസമായി ധനകാര്യ വകുപ്പുമന്ത്രിയെ വാനോളം പുകഴ്ത്തിക്കൊണ്ടിരിക്കുകയായിരുന്നു. ഇന്ന്

അദ്ദേഹത്തിന്റെ ജന്മദിനമാണ്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണിക്ക് എല്ലാവിധ ജന്മദിനാശംസകളും സഭയ്ക്കുവേണ്ടി ഞാൻ അറിയിക്കുന്നു. അദ്ദേഹത്തിന്റെ പോരാട്ടം സഭയ്ക്കുള്ളിലും പുറത്തും ഇനിയും തുടരട്ടെ.

ധനകാര്യം